**Mr. A. L. Devassy** (*Commissioner of Police*).—In cases where sanction is necessary it is taken.

**Mr. A. Narayana Menon** (*Vyttila*) —Has the Commissioner of police ever exercised this?

**Mr. A. L. Devassy** (*Commissioner of Police*).—The Commissioner has power to inflict such punishments at times.

**Mr. A. Narayana Menon** (*Vyttila*)—Under what rule?

**Mr. A. L. Devassy** (*Commissioner of Police*).—Under the rules framed by the Government.

## Police Constable—Trichur Town Station—belabouring of.

**162. Mr. V. K. Krishnankutty** (*Anthikad*).—Will the Government be pleased to state:—

(1) whether any Constable in the Trichur Town Station has complained or reported to the Commissioner of Police that he was beaten by the Inspector of Police (in the current year);

(2) if so, will the Government be pleased to state the name of the Constable and the Inspector?

**Mr. A. L. Devassy** (*Commissioner of Police*).—

(1) Yes.

(2) Constable No. 643 Govindan and Inspector Mr. C. L. Joseph.

**Mr. V. K. Krishnankutty** (*Anthikad*).—May I know whether any enquiry has been conducted on this petition?

**Mr. A. L. Devassy** (*Commissioner of Police*).—Yes.

**Mr. V. K. Krishnankutty** (*Anthikad*).—What was the finding?

**Mr. A. L. Devassy** (*Commissioner of Police*).—The finding is that the Inspector only tapped him. When he called him he did not answer. He had other reasons to complain against the Inspector, and therefore he made much of it.

**Mr. P. Govinda Menon** (*Adur*).—Does this Inspector generally tap?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്. പണിക്കർ *(Ezhuvas North)*.— അടിച്ചു എന്ന മാത്രമേ റിപ്പോർട്ടിൽ കാണിച്ചിട്ടുള്ളൂവോ?

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police)*.— ആദ്യം വിളിച്ചു എന്നു പറഞ്ഞിട്ടുണ്ട്. വിളിച്ചതു ഗൌനിച്ചില്ല; അപ്പോൾ അടിച്ചു എന്നു പറഞ്ഞിട്ടുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— കൊട്ടി എന്നു വിളിച്ചതായി കണ്ടെയിൻറിൽ കാണിച്ചിട്ടുണ്ടോ?

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police)*.— കാണിച്ചിട്ടില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— പുറങ്കാൽ കൊണ്ടു തട്ടി ബെൽട്ടും ടർബണും മുറത്തേക്കു തള്ളിയിട്ടു എന്നു കണ്ടെയിൻറിൽ കാണിച്ചിട്ടുണ്ടോ?

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police)*.— സ്റ്റേഷനിലെ ഉമ്മറത്തു കുറെ സാമാനങ്ങൾ കിടന്നിരുന്നു. അതു എടുത്തു വെക്കുവാനായി വിളിച്ചു; കേട്ടില്ല; അപ്പോൾ പുറത്തു തട്ടി വിളിച്ചു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— തട്ടിയെറിഞ്ഞ സാമാനങ്ങൾ ആ കാൺസ്റ്റബിളിൻറേതായിരുന്നുവോ?

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police)*.— അതൊ എന്നറിഞ്ഞുകൂടാ.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ *(Wadakkancheri)*.— ഈ തട്ടലിൽ രാജമുദ്രയുള്ള തലപ്പാവു പെട്ടിട്ടുണ്ടോ?

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police)*.— മുദ്ര അടങ്ങീട്ടുള്ള തലപ്പാവു പെട്ടിട്ടുണ്ടൊ എന്നു ഇതിൽ പറഞ്ഞിട്ടില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ *(Wadakkancheri)*.— തട്ടിയതിൻറെ കൂട്ടത്തിൽ പോലീസുദ്യോഗസ്ഥൻറെ തലപ്പാവുണ്ടായിരുന്നുവോ?

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police.)*.— ബെൽട്ടും മറ്റും തട്ടിയിട്ടുണ്ട് എന്നു പറഞ്ഞിട്ടുണ്ട്. തലപ്പാവു പെട്ടിട്ടുണ്ടോ എന്നറിഞ്ഞുകൂടാ.

മിസ്റ്റർ ഇ. ഇക്കണ്ടവാര്യർ *(Urakam)*.— കാൺസ്റ്റബിളിൻറെ പുറത്തു അടിച്ചു എന്നു പറഞ്ഞു. അതു സ്നേഹംകൊണ്ടോ വിരോധംകൊണ്ടോ?

മിസ്റ്റർ ടി. കെ. നായർ *(Pazhyannur)*.— സാധാരണ ഇൻസ്പെക്ടർമാർ കാൺസ്റ്റബിൾമാരെ പുറത്തു തട്ടി വിളിക്കാറു പതിവുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police)*.— സാധാരണ അങ്ങിനെ വിളിക്കാറില്ല.

മിസ്റ്റർ ടി. കെ. നായർ *(Pazhayannur)*.— ഈ കാൺസ്റ്റബിളിനെ പുറത്തു തട്ടി വിളിച്ചുണർത്തി എന്നാണു പറയുന്നതു്. കമ്മീഷണരുടെ അഭിപ്രായത്തിൽ ഇതൊരു നല്ല നടപടിയാണോ എന്നു പറയാമോ?

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police)*.— ഇതു വളരെ നന്നു് എന്നു പറയുവാൻ ഞാൻ തയ്യാറില്ല.

മിസ്റ്റർ ടി. കെ. നായർ *(Pazhayannur)*.— ഇതിനെ സംബന്ധിച്ചു എന്തെങ്കിലും താക്കീതു ചെയ്തിട്ടുണ്ടോ?

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police)*.— ഇനിമേലാൽ ഇങ്ങിനെ ഉണ്ടാകരുതെന്നു താക്കീതു ചെയ്തിട്ടുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ *(Wadakkancheri)*.— സ്നേഹഭാവേന തട്ടിയുണർത്തി വിളിച്ചതിനു് പ്രമോഷൻ കൊടുത്തിട്ടുണ്ടോ അതോ ശിക്ഷ കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police)*.— സ്നേഹഭാവേന വിളിച്ചു എന്നു പറഞ്ഞിട്ടില്ല. ഇങ്ങിനെ മേലാൽ ഉണ്ടാകരുതു് എന്നു താക്കീതു ചെയ്തിട്ടുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ *(Wadakkancheri)*.— ഈ ഇൻസ്പക്ടർ ഇപ്പോൾ ടൌൺ ഇൻസ്പെക്ടർ തന്നെയാണോ?

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police)*.— അല്ല; റിസർവ്വ് സർജൻറാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— ടാപ്പു ചെയ്യു എന്നു പറഞ്ഞു. എത്ര പ്രാവശ്യം ടാപ്പു ചെയ്യു എന്നു കംബ്ലെയിൻറിലുണ്ടോ?

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police)*.— നോട്ടീസ്സു് വേണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— ഈ ഇൻസ്പെക്ടക്കു് ഇതിനുമുമ്പു മാനസികരോഗം (Mental disease) ഉണ്ടായിരുന്നതായി ഗവർമ്മെൻറിനറിയാമോ?

## Grant of leave on medical certificate to Constable Sankaran.

ഹുസൂർ. മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മെണ്ടു സദയം മറുപടി പറയുമോ:—

LIBRARY ARCHIVES Kerala Legislative Assembly